9649
30/5/19

കേരള സർക്കാർ

<u>സംഗ്രഹം</u>

ശ്രീ.എം.എസ്.രാജൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.) ഫയൽ ചെയ്ത ഒ.എ.229/15-ലെ 04.07.2017-ലെ വിധിന്യായം പൂർണ്ണമായി നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.452/2018/വനം തീയതി,തിരുവനന്തപുരം, 13/10/2018

---

പരാമർശം:- (1) ശ്രീ.എം.എസ്.രാജൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.) ഫയൽ ചെയ്ത ഒ.എ. 229/15 നമ്പർ കേസിലെ 04.07.2017-ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം

(2) O.P.(KAT) 514/17-ലെ 31.01.2018-ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം

(3) 02.05.2018-ലെ സ.ഉ.(സാധാ.) നം. 204/18/വനം

(4) 26.05.2018-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ F1-20949/2007 നമ്പർ നടപടി ഉത്തരവ്

(5) 07.06.2018തീയതിയായി ശ്രീ.എം.എസ്.രാജൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.) സമർപ്പിച്ച അപേക്ഷ

<u>ഉത്തരവ്</u>

ശ്രീ.എം.എസ്.രാജൻ, റിട്ടയേർഡ് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ടിയാന്റെ തടഞ്ഞുവച്ചിട്ടുള്ള ഡി.സി.ആർ.ജി തുക വിട്ടു കിട്ടുന്നതിനായി ഫയൽ ചെയ്ത ഒ.എ. 229/2015 നമ്പർ കേസിലെ പരാമർശം (1)-ലെ വിധി പ്രകാരം ടിയാന്റെ ഡി.സി.ആർ.ജി യിൽ നിന്നും പിടിച്ചു വച്ചിരുന്ന 18,905/- രൂപ , 01.03.2008 മുതൽ റിലീസ് ചെയ്യുന്ന തീയതി വരെ 9% പലിശ സഹിതം, തിരികെ നൽകുന്നതിനും കൂടാതെ 01.03.2008-ൽ സാങ്ഷൻ ആയ ടിയാളുടെ ഡി.സി.ആർ.ജി തുകയിൽ 2,37,090/- രൂപ 26.11.2012-ലും 74,005/- രൂപ 07.01.2015-ലും മാത്രമാണ് റിലീസ് ചെയ്തതെന്ന ടിയാന്റെ പരാതിയും പരിഗണിച്ച് 01.03.2008 മുതൽ ആയത് അനുവദിച്ചു നൽകിയ തീയതി വരെയുള്ള കാലയളവിലേക്ക് 9% പലിശ കൂടി

നൽകുന്നതിനും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവായി.

2) പ്രസ്തുത വിധിക്കെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീൽ നം. O.P.(KAT)514/17 പരാമർശം(2)പ്രകാരം ബഹു. ഹൈക്കോടതി നിരസിക്കുകയും ശ്രീ.എം.എസ്.രാജന്റെ തടഞ്ഞുവച്ചിട്ടുള്ള ഡി.സി.ആർ.ജി തുക പലിശ സഹിതം വിട്ടു നൽകുന്നതിന് ഉത്തരവാകുകയും ചെയ്തു. തുടർന്ന് പരാമർശം (3) പ്രകാരം ശ്രീ.എം.എസ് രാജന്റെ തടഞ്ഞുവച്ചിട്ടുള്ള ഡി.സി.ആർ.ജി. തുകയായ 18,905/- രൂപ റിലീസ് ചെയ്യുന്നതിനും ആയതിന് 01.03.2008 മുതൽ റിലീസ് ചെയ്യുന്ന തീയതിവരെ 9% പലിശ നൽകുന്നതിനും ഉത്തരവായി. പ്രസ്തുത ഉത്തരവ് അനുസരിച്ച് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (4) പ്രകാരം ടിയാന് 18,905/- രൂപയും ആയതിന് പലിശയായി 17,415/- രൂപയും അനുവദിക്കുകയുണ്ടായി.

3) എന്നാൽ പരാമർശം (1)-ലെ വിധിന്യായം പൂർണമായി നടപ്പാക്കിയില്ലെന്നും ഡി.സി.ആർ.ജി അനുവദിച്ചതിൽ വന്ന കാലതാമസത്തിനുള്ള പലിശ കൂടി അനുവദിച്ച കോടതി വിധി നടപ്പിലാക്കണമെന്നും പരാമർശം (5) പ്രകാരം ശ്രീ.എം.എസ്.രാജൻ അഭ്യർത്ഥിച്ചു.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ബഹു.ഹൈക്കോടതി O.P.(KAT)514/17 നിരസിച്ചുത്തരവായിട്ടുള്ളതിനാൽ പരാമർശം(1)-ലെ വിധി അനുസരിച്ച്, ശ്രീ.എം.എസ്.രാജനു കാലതാമസം വന്ന് അനുവദിക്കപ്പെട്ട ഡി.സി.ആർ.ജി. തുകയ്ക്ക് 01.03.2018 മുതൽ അത് അനുവദിച്ച തീയതി വരെയുള്ള 9% പലിശ കൂടി അനുവദിച്ച്, പ്രസ്തുത കോടതി വിധി പൂർണ്ണമായും നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. തുടർ നടപടികൾ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തലത്തിൽ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ്.പ്രവീൺ
ജോയിന്റ് സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.എം.എസ്.രാജൻ, റിട്ടയേർഡ് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ